(ബി) കഞ്ചാവു വേട്ടയിൽ പിടിക്കപ്പെടുന്ന കഞ്ചാവ് എപ്രകാരമാണ് നശിപ്പിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(സി) സംസ്ഥാനത്ത് നടത്തിയ കഞ്ചാവുവേട്ടയിൽ കുറ്റക്കാരെന്ന് കാണുന്നവർക്ക് എന്തു ശിക്ഷയാണ് നൽകിവരുന്നതെന്ന് വെളിപ്പെടുത്തുമോ;

(ഡി) അനധികൃത കഞ്ചാവു കൃഷിയിലേർപ്പെട്ടവർക്ക് അന്താരാഷ്ട്ര മയക്കുമരുന്നു ശൃംഖലയുമായി ബന്ധമുള്ളതായി തെളിഞ്ഞുവോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 57 റെയിഞ്ചുകളിലായി ഉദ്ദേശം 40 കോടി രൂപ വിലവരുന്ന കഞ്ചാവ് കൃഷി നശിപ്പിച്ചിട്ടുണ്ട്.

(ബി) പിടിക്കപ്പെടുന്ന കഞ്ചാവു ചെടികൾ പിഴുതും വെട്ടിയും കൂട്ടിയിട്ട് തീവച്ച് നശിപ്പിക്കുന്നു.

(സി) വനനിയമപ്രകാരം ചാർജ്ജുചെയ്യുന്ന കേസുകളിൽ ഒരു കൊല്ലം മുതൽ അഞ്ചുകൊല്ലം വരെ തടവും ആയിരം രൂപ മുതൽ അയ്യായിരം രൂപവരെ പിഴയും, കൂടാതെ നഷ്ടപരിഹാരവും ശിക്ഷയായി വിധിക്കാവുന്നതാണ്.

നാർക്കോട്ടിക് ആക്ട് പ്രകാരം ചാർജ്ജുചെയ്യുന്ന കേസുകളിൽ കേസിന്റെ ഗൗരവം അനുസരിച്ച് അഞ്ചുകൊല്ലം വരെ കഠിനതടവും 50,000/- രൂപവരെ പിഴയും ശിക്ഷിക്കാവുന്നതാണ്.

(ഡി) ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

52 (1093) വനസമ്പത്ത് മോഷണം

ശ്രീ. ചെർക്കളം അബ്ദുള്ള :
ശ്രീ. ഇസ്ഹാക് കുരിക്കൾ :
ശ്രീ. സി. മൊയിൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സർക്കാർ ഉടമസ്ഥതയിലുള്ള വനങ്ങളിൽനിന്ന് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മോഷണം നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ എത്രലക്ഷം രൂപയുടെ വനസമ്പത്ത് മോഷണം പോയി എന്ന് വ്യക്തമാക്കുമോ;

(സി) ഇക്കാര്യത്തിൽ എത്ര കേസ്സുകളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്;

(ഡി) ഇവയിൽ എത്ര കേസ്സുകളിലെ പ്രതികളെ അറസ്റ്റുചെയ്തിട്ടുണ്ട്?

ഉത്തരം

(എ)&(ബി) ഉണ്ട്. ഉദ്ദേശം 295 ലക്ഷം രൂപയുടെ വനസമ്പത്ത് മോഷണം പോയിട്ടുണ്ട്.

(സി) ആകെ 11,002 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ഡി) 1238 കേസുകളിലെ പ്രതികളെ അറസ്റ്റുചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly